LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ റിവർ മാനേജ് ഫണ്ട്

150 (1193) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഏതുവർഷം വരെയുള്ള റിവർ മാനേജ് ഫണ്ട് (RMF) വികസന പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ ഇനത്തിൽ എത്ര തുക ജില്ലയിൽ നീക്കിയിരിപ്പുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) തുക ജില്ലയിലെ തന്നെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) 2015 ഫെബ്രുവരി വരെയുള്ള കാലയളവിൽ റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് വന്നുചേർന്ന തുകയിൽനിന്നും കേരള നദീതട സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 2001-ൽ പ്രതിപാദിക്കുന്ന വിവിധയിനം ആവശ്യങ്ങൾക്കുവേണ്ടി തുക ഉപയോഗിച്ചുവരുന്നു.

(ബി) കാസർഗോഡ് ജില്ലയിൽ 6,48,85,586 രൂപ റിവർ മാനേജ്മെന്റ് ഫണ്ടിൽ നീക്കിയിരിപ്പുണ്ട്.

(സി) കേരള നദീതട സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 2001-ൽ പ്രതിപാദിക്കുന്ന ജില്ലയിലെ വിവിധയിനം ആവശ്യങ്ങൾക്കുവേണ്ടി ഈ ഫണ്ട് ഉപയോഗിച്ചുവരുന്നു.

കോഴിക്കോട് പുളക്കോട് വില്ലേജിലെ റവന്യൂഭൂമി എക്സൈസ് വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച്

151 (1194) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് താലൂക്ക് പുളക്കോട് വില്ലേജിലെ റവന്യൂഭൂമി എക്സൈസ് വകുപ്പിന് കെട്ടിടം നിർമ്മിക്കാനായി കൈമാറുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?